**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2006** **06-07-2022 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻസർക്കാർ ആരംഭിച്ച ലോക കേരള സഭ നാളിതുവരെയായി എത്ര തവണ കൂടിയിട്ടുണ്ടെന്നും ഓരോ ലോക കേരള സഭയിലും പങ്കെടുത്ത/ അംഗങ്ങളായ പ്രവാസി മലയാളികൾ ആരെല്ലാമാണെന്നും അറിയിക്കുമോ; | (എ) | ലോക കേരള സഭ നാളിതുവരെയായി മൂന്ന് തവണ കൂടിയിട്ടുണ്ട്.<br><br>കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ മലയാളികളെയാണ് ലോക കേരള സഭയിലെ അംഗങ്ങളായി ഉൾപ്പെടുത്തുന്നത്.<br><br>സഭയുടെ അംഗത്വം ഇന്ത്യൻ പൗരന്മാർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇൻഡ്യൻ പൗരൻമാരല്ലാത്ത കേരളീയരെയും ലോക കേരള സഭയുടെ പ്രവർത്തനങ്ങളിൽ മറ്റ് നിലകളിൽ പങ്കെടുക്കാൻ സ്വാഗതം ചെയ്യുന്നുണ്ട്.<br><br>ഓരോ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പ്രവാസികളുടെ എണ്ണം, ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതുസമൂഹത്തിനു നൽകിയ സംഭാവനകൾ തുടങ്ങിയവ പരിഗണിച്ചാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | മുൻപ് നടന്ന ലോക കേരള സഭകളിലായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരുന്നതെന്നും അതിനായി എത്ര തുക പ്രവാസികൾ നിക്ഷേപിച്ചുവെന്നും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കുമോ; | (ബി) | ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10ശിപാർശകളിന്മേൽ പ്രയോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു.<br><br>രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമാകാത്തവ നീക്കം ചെയ്യുകയും ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br><br>ലോക കേരള സഭയിലൂടെ പ്രവാസികളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നില്ല. എന്നാൽ പ്രവാസികൾ നാട്ടിലേക്കയയ്ക്കുന്ന പണം നാട്ടിലെ വികസനപ്രവർത്തനങ്ങൾക്ക് കൂടി ആ വരുമാനം ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഒന്നാം ലോക കേരള സഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശം കൂടി പരിഗണിച്ച് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്ട്. RestStop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രവാസികളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന നടപടി ആരംഭിച്ചിട്ടില്ല. |
| (സി) | പ്രവാസികളുടെ ക്ഷേമത്തിനായി ലോക കേരള സഭയിൽ പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | ഒന്നാം ലോക കേരള സഭയോടനുബന്ധിച്ചു രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10ശിപാർശകളിന്മേൽ പ്രയോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു.<br><br>രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമാകാത്തവ നീക്കം ചെയ്യുകയും ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br><br>ലോക കേരള സഭയിലൂടെ പ്രവാസികളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നില്ല. എന്നാൽ പ്രവാസികൾ നാട്ടിലേക്കയയ്ക്കുന്ന പണം നാട്ടിലെ വികസനപ്രവർത്തനങ്ങൾക്ക് കൂടി ആ വരുമാനം ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഒന്നാം ലോക കേരള സഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശം കൂടി പരിഗണിച്ച് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന |

| | | | |
|---|---|---|---|
| | | | പാതയോരത്തെ way side amenities പ്രൊജക്റ്റ്. RestStop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രവാസികളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന നടപടി ആരംഭിച്ചിട്ടില്ല. |
| (ഡി) | ഓരോ ലോക കേരള സഭയിലും പ്രവാസികൾ മുന്നോട്ട് വച്ച ആവശ്യങ്ങൾ /നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10ശിപാർശകളിന്മേൽ പ്രയോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു.<br><br>രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമാകാത്തവ നീക്കം ചെയ്യുകയും ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br><br>ലോക കേരള സഭയിലൂടെ പ്രവാസികളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നില്ല. എന്നാൽ പ്രവാസികൾ നാട്ടിലേക്കയയ്ക്കുന്ന പണം നാട്ടിലെ വികസനപ്രവർത്തനങ്ങൾക്ക് കൂടി ആ വരുമാനം ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഒന്നാം ലോക കേരള സഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശം കൂടി പരിഗണിച്ച് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്റ്റ്. RestStop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രവാസികളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന നടപടി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ